**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113** **03-02-2026 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ വി ശശി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ കൗമാരക്കാരുടെയും സാമൂഹിക വെല്ലുവിളികളും മാനസിക പ്രശ്നങ്ങളും ലഘൂകരിക്കുന്നതിനും സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനും സ്ഥിരമായ ഒരു സംവിധാനം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്.<br><br>കുട്ടികളുടെയും യുവാക്കളുടെയും സമഗ്ര മാനസിക വികസനത്തിനും ലഹരി വിമുക്തമാക്കാനുമുള്ള സംയോജിക കർമ്മ പദ്ധതി. കുട്ടികൾക്കും യുവാക്കൾക്കും സുരക്ഷിതവും ആരോഗ്യകരവുമായ സാമൂഹിക അന്തരീക്ഷം ഒരുക്കുന്നതിന് സമഗ്രമായ പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. രാസലഹരി ഉപയോഗം, മാനസികാരോഗ്യ പ്രശ്നങ്ങൾ, എന്നിവയ്ക്ക് പ്രാഥമിക ഇടപെടലുകൾ തയ്യാറാക്കി ഫലപ്രദമായ പരിഹാരങ്ങൾ ഒരുക്കുന്നതാണ് പ്രസ്തുത കർമ്മപദ്ധതിയുടെ ലക്ഷ്യം. ഓരോ കുട്ടിയുടെയും സവിശേഷ കഴിവുകൾ കണ്ടെത്തുന്നതിനോടൊപ്പം മാനസിക സുസ്ഥിതി നിലനിർത്തുക എന്നതും അത്യന്താപേക്ഷികമാണ്. മേൽ ഘടകങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ ഹൈസ്കൂൾ അധ്യാപകർക്കും, കൗൺസിലർമാർക്കും, ഹയർസെക്കൻഡറി വിഭാഗം സൗഹൃദ കോർഡിനേറ്റർമാർ, വി.എച്ച്.എസ്.ഇ വിഭാഗം കരിയർ മാസ്റ്റർമാർ, ഡയറ്റ് ഫാക്കൽറ്റികൾ എന്നിവർ അടങ്ങുന്ന മാസ്റ്റർ ട്രെയിനർമാരുടെ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ച് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. തുടർന്ന് ജില്ലാതല പരിശീലനം (DRG) പരിശീലനം നടത്തുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വി.എച്ച്.എസ്.ഇ. വിഭാഗം സ്കൂളുകളിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലുകൾ പ്രവർത്തിച്ചു വരികയാണ് . വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ ഒരു അധ്യാപകൻ/ അധ്യാപികയ്ക്ക് ഇതിന്റെ ചുമതല നൽകുകയും ഡയറക്ടറേറ്റ് തലത്തിലെ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു വരികയാണ്. കൗമാരക്കാരായ വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും, സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനുമായി കൗൺസിലിംഗ് ക്ലാസുകൾ, മെന്ററിങ് സപ്പോർട്ട്, ഡോക്ടർമാരുടെ ക്ലാസുകൾ, ആന്റി ഡ്രഗ് ക്യാംപയിനുകൾ എന്നിവ നടത്തിവരുന്നു. ആവശ്യമായ ഘട്ടങ്ങളിൽ സ്കൂൾ കൗൺസിലറുടെ സേവനം ഉപയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഗവ/എയ്ഡഡ് ഹയർസെക്കന്ററി സ്കൂളിലും സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. കൗമാരക്കാരുടെ ശാക്തീകരണത്തിനായാണ് സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നത്. സ്കൂളുകളിലെ ഒരു അദ്ധ്യാപകന് / അദ്ധ്യാപികക്ക് സൗഹൃദ കോർഡിനേറ്റർമാരുടെ ചുമതല നൽകി വരുന്നു. സൗഹൃദ കോർഡിനേറ്റർമാർക്ക് പ്രാഥമികമായി 3 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം (Introductory Training) നൽകി വരുന്നുണ്ട്. അതിൽ ഒരു session വിദ്യാർത്ഥികളിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ടാണ്. വിദ്യാർത്ഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യണം എന്നത് സൗഹൃദ കോർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് NIMHANS ബാംഗ്ലൂരിൽ നടക്കുന്ന വിദഗ്ധ പരിശീലനത്തിലും (Special Training for Souhrida Co-ordinators) ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് മാനസിക സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിന് വനിത-ശിശുവികസന വകുപ്പുമായി സഹകരിച്ച് കൂടുതൽ സൈക്കോ സോഷ്യൽ കൗൺസിലർമാരെ നിയമിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ വനിത-ശിശു വികസന വകുപ്പ് നിയമിച്ചിട്ടുള്ള 1012 സ്കൂൾ കൗൺസിലർമാരാണ് സ്കൂളുകളിൽ സേവനം അനുഷ്ഠിക്കുന്നത്. കൗൺസിലർമാരുടെ എണ്ണം കുറവായതിനാൽ കൗൺസിലിംഗ് സേവനങ്ങൾ നിലവിൽ മെച്ചപ്പെടുത്തുന്നതിനു പരിമിതിയുണ്ട്.<br><br>കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹ്യ-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് വനിത ശിശു വികസന വകുപ്പ് വഴി സർക്കാർ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന സൈക്കോ സോഷ്യൽ സേവന പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ട 1012 സ്കൂളുകളെ കൂടാതെ പുതിയതായി 1012 സ്കൂളുകളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അതിനുവേണ്ടി 1012 സൈക്കോസോഷ്യൽ കൗൺസിലർമാരെ കൂടി നിയമിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രൊപോസൽ സർക്കാരിൽ വനിത ശിശു വികസന വകുപ്പിന്റെ പരിഗണനയിലുണ്ട്.<br><br>കൂടാതെ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെൽ, എൻ.എസ്.എസ് എന്നിവയുടെ ആഭിമുഖ്യത്തിൽ വനിത-ശിശു ക്ഷേമ വികസന വകുപ്പുമായി ചേർന്ന് വിവിധ പ്രോഗ്രാമുകൾ നടത്തുന്നുണ്ട്. |
| (സി) | സാമൂഹിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ടെലിഫോണിലൂടെ കൗൺസിലിംഗ് ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (സി) | കുട്ടികളുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനായി **വീ ഹെല്പ്** എന്ന പേരിൽ ഒരു ടോൾ ഫ്രീ ടെലി-കൗൺസിലിംഗ് സംവിധാനം ഒരുക്കാറുണ്ട്. ഇത് വഴി സമ്മർദ്ദം നേരിടുന്ന കുട്ടികൾക്ക് കൗൺസലിംഗ് ഉറപ്പു വരുത്തുന്നു. |
| (ഡി) | പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് സ്വതന്ത്രമായി കൗൺസിലർമാരോട് സംസാരിക്കുന്നതിനും പ്രശ്നപരിഹാരം തേടുന്നതിനും എല്ലാ സ്കൂളുകളിലും മികച്ചതും സ്വകാര്യതയുള്ളതും സുരക്ഷിതവുമായ സംവിധാനം ഒരുക്കുമോ; വ്യക്തമാക്കാമോ? | (ഡി) | നിലവിൽ വനിതശിശു വികസന വകുപ്പ് നിയമിച്ചിട്ടുള്ള 1012 സ്കൂൾ കൗൺസിലർമാരാണ് സ്കൂളുകളിൽ സേവനം അനുഷ്ഠിച്ചു വരുന്നത്. ഇവരിലൂടെ കൗൺസലിംഗ് സേവനങ്ങൾ നൽകുകയും കുട്ടികളുടെ മാനസിക സമ്മർദ്ദത്തിനും പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. സ്കൂളിലെ സ്ഥല ലഭ്യതയ്ക്കനുസരിച്ച് കൗൺസിലിംഗ് റൂമുകളും കോർണറുകളും സജ്ജീകരിച്ചിട്ടുണ്ട്. വീ ഹെൽപ് എന്ന പേരിലുള്ള ടെലി കൗൺസിലിംഗിലൂടെയും പ്രശ്നപരിഹാരം തേടുന്നതിനു സംവിധാനം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ